# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1089 — 13/12/2012 -ൽ മറുപടിക്ക്

## സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ലൈംഗികമായി പീഡിപ്പിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അദ്ധ്യാപകർക്കെതിരെ കർശന നിയമനടപടി വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ ; | (എ) ഉണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ലൈംഗികമായി പീഡിപ്പിക്കുന്ന കുറ്റകൃത്യം നടത്തുന്ന ആളുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച നിയമവും ചട്ടങ്ങളും കെ.ഇ.ആർ-ൽ നിലവിലുണ്ട്. |
| (ബി) ലൈംഗിക പീഡനശ്രമം നടത്തുന്ന അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസെടുത്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാനും സർവ്വീസിൽ നിന്നും പിരിച്ചുവിടാനുമുള്ള നടപടികൾക്ക് സർക്കാർ രൂപം നൽകുമോ; വിശദമാക്കുമോ; | (ബി) ഇത്തരം കേസുകളിൽ ക്രിമിനൽ കേസിൽ കേസെടുത്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നത് സംബന്ധിച്ച നിയമനിർമ്മാണം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര അദ്ധ്യാപകർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) ചില അദ്ധ്യാപകർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിൽ ചില അദ്ധ്യാപകർ വിദ്യാർത്ഥികളെ - ചെറിയ തെറ്റുകൾക്കുപോലും ചൂരൽപ്രയോഗത്തിന് വിധേയരാക്കുന്നതും ചില അദ്ധ്യാപകർ കുട്ടികളെ മാനസികമായി പീഡിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ധ്യാപകരുടെ ഇത്തരത്തിലുള്ള പ്രവണത തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും കുട്ടികളെ ചൂരൽ പ്രയോഗം ഉൾപ്പെടെയുള്ള ശാരീരിക ശിക്ഷ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിലും ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ